പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *62 28.02.2018-ൽ മറുപടിയ്ക്ക്

അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ വെട്ടി മാറ്റുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.വി.അൻവർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ഒ.ആർ.കേളു | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനഭൂമിയിൽ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമായതും അമിതമായ ജലം വലിച്ചെടുത്ത് സ്വാഭാവിക പ്രകൃതിയ്ക്ക് നാശം വരുത്തുന്നതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ ഭാവിയിൽ നട്ടുപിടിപ്പിക്കാതിരിക്കാനും ഉള്ളവ വെട്ടിമാറ്റി മറ്റു മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | വനഭൂമിയിൽ നട്ട് പിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ വ്യാവസായിക ആവശ്യത്തിനായി മുറിച്ച് മാറ്റുന്നതിന് അനുസരിച്ച് ഭാവിയിൽ തദ്ദേശീയ വൃക്ഷങ്ങളായ മലവേപ്പ്, മുള, മറ്റു അനുയോജ്യ വൃക്ഷങ്ങളും നട്ട് പിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു |
| (ബി) ഇത്തരം മരങ്ങൾ ഏതൊക്കെ വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും അതിൽ നിന്ന് നിലവിൽ വനം വകുപ്പിന് പ്രതിവർഷം എത്ര വരുമാനം ലഭിക്കുന്നെന്നും അറിയിക്കാമോ; | (ബി) | ഇത്തരം മരങ്ങൾ പൾപ്പ് വുഡ് വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ എച്ച്.എൻ.എല്ലിന് സർക്കാർ ഉത്തരവിന്റെയും, എച്ച്.എൻ.എല്ലുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെയും അടിസ്ഥാനത്തിൽ അസംസ്കൃത വസ്തുക്കൾ നൽകിവരുന്നു. ഇതിലൂടെ 2016-17 വർഷം 16.22 കോടി രൂപയും, 2017-18 വർഷത്തിൽ ജനുവരി 31 വരെ 3.22 കോടി രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) വന്യമൃഗങ്ങൾ ആഹാരത്തിനും ജലത്തിനുമായി നാട്ടിലിറങ്ങുന്നത് തടയുന്നതിനായി ഇത്തരം മരങ്ങൾക്കും പ്ലാന്റേഷനുകൾക്കും പകരം ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടിയെടുക്കുമോ? | (സി) | വനം വകുപ്പ് നടപ്പിലാക്കുന്ന വന സംരക്ഷണ, പരിപാലന പ്രവർത്തനങ്ങളുടെ കാതലായ ഭാഗവും സ്വാഭാവിക വനത്തിന്റെയും ജലസ്രോതസ്സുകളുടേയും പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുവേണ്ടിയാണ്. ആയതു വഴി വന്യജീവികളുടെ ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ